


# പ്രഘോഷിക്കപ്പെടേണ്ട വിശ്വാസം

ലൂക്കാ 8:41b – 56 Vol. 12, Issue: 20

ബ്ര. ജിനോ വാഴപ്പനാടി

**ഏ**ലിയാ സ്ലീവാ മൂശാക്കാലത്തിന്റെ എട്ടാം ഞായറിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഇന്നേ ദിനം സഭ, മിഷൻ ഞായർ ആചരിക്കുകയാണ്. വിശ്വാസം പ്രഘോഷിക്കപ്പെടേണ്ടതാണെന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന മിഷൻ ഞായറായ ഇന്ന് സഭാമാതാവ് വിചിന്തനത്തിനായി നൽകുന്ന സുവിശേഷഭാഗം ലൂക്കാ 8, 41b - 56. ഈശോയിലുള്ള പരിപൂർണ്ണ വിശ്വാസം പ്രകടമാക്കിയ രക്തസ്രാവക്കാരി സ്ത്രീയെയും ജായ്റോസിനെയുമാണ് സുവിശേഷം നമുക്ക് പരിചയപ്പെടുത്തുന്നത്.

സുവിശേഷത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ ചെയ്ത ധാരാളം രോഗസൗഖ്യങ്ങൾ നാം കാണുന്നുണ്ട്. സാധാരണയായി സൗഖ്യത്തിന്റെ ആവശ്യം രോഗികളോ, കൂടെയുള്ളവരോ പറയുകയാണ് പതിവെങ്കിൽ ഇന്ന് വായിച്ചുകേട്ട വചനഭാഗത്ത് ഈശോയോട് തന്റെ ദുഃഖങ്ങൾ പറയാതെ, തന്നെത്തന്നെ വെളിപ്പെടുത്താതെ, നിസാരമായി രോഗസൗഖ്യം നേടിയെടുക്കുന്ന സ്ത്രീയെയാണ് നാം പരിചയപ്പെടുന്നത്. ഇവിടെ യാതൊരു പരിചയപ്പെടുത്തലും സംസാരവും കൂടാതെ തന്നെ രക്തസ്രാവക്കാരി ഈശോയിൽ നിന്ന് സൗഖ്യം സ്വന്തമാക്കുന്നത് നമ്മെയൊക്കെ അമ്പരപ്പിച്ചേക്കാം. ഇപ്രകാരമൊരു സൗഖ്യം അവൾ എങ്ങനെ സ്വന്തമാക്കി എന്ന ചോദ്യത്തിന് നമുക്ക് ഉത്തരമുണ്ട്. വിശ്വാസത്തിലൂടെ അവൾ സൗഖ്യം നേടി. ഈശോ തന്നെ അവളോട് പറയുന്നുണ്ട്: ‘‘മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.’’ ചെറുപ്പം മുതൽ വചനവേദിയിൽ നിന്നും പുസ്തകങ്ങളിൽ നിന്നുമെല്ലാം വിശ്വാസത്തെപ്പറ്റി നാം ഏറെ കേട്ടിട്ടുണ്ട്. അതിന്റെ ഫലമായി എത്രത്തോളം നമ്മിൽ വിശ്വാസം ആഴപ്പെട്ടിട്ടുണ്ട് എന്ന ചോദ്യം സ്വയം ഉയർത്തേണ്ട ദിനമാണിന്ന്. സെക്കുലറിസത്തിന്റെ അതിപ്രസരത്തിൽ വിശ്വാസം ഏറെ വെല്ലുവിളിക്കപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ലോകം മുന്നോട്ടു വയ്ക്കുന്ന സുഖമോഹങ്ങളിൽ മുഴുകുമ്പോൾ വിശ്വാസവും വിശ്വാസജീവിതവും പിന്തള്ളപ്പെടുന്ന ഒരു കാലഘട്ടം.

ഇപ്രകാരമുള്ള കാലഘട്ടത്തിൽ രക്തസ്രാവക്കാരി സ്ത്രീയുടെ വിശ്വാസം നമ്മുടെ മുൻപിൽ വലിയ വെല്ലുവിളിയായി നിലകൊള്ളുന്നു. അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിച്ചാൽ താൻ സൗഖ്യപ്പെടും എന്ന് അവൾ വിശ്വസിച്ചെങ്കിൽ ഈശോ ആരാണെന്നും അവനിലെ ദൈവീകത എത്രത്തോളമാണെന്നും അവൾക്ക് അറി

യായമായിരുന്നു. ഒരു കുഞ്ഞ് അമ്മയെയും അപ്പനെയും വിശ്വസിക്കുന്നത്, അവർ തന്നെ ഏറെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു എന്ന അറിവുള്ളതുകൊണ്ടാണ്. അറിവ് വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. ഈശോയിൽ നമുക്ക് പരിപൂർണ്ണമായ വിശ്വാസമില്ലെങ്കിൽ അതിന്റെ അർത്ഥം ഈശോയെക്കുറിച്ചുള്ള ആഴമായ അറിവ് നമുക്കില്ല എന്നതാണ്.

ഒരു കഥ ഇപ്രകാരമാണ്. ഒരാൾ കാലു തെന്നി അഗാധത്തിലേക്കു നിപതിക്കുകയാണ്. ഒരു മരക്കൊമ്പിൽ പിടുത്തം കിട്ടിയ അയാൾ അതിൽ തൂങ്ങിക്കിടന്നുകൊണ്ട് ദൈവത്തോട് ഇപ്രകാരം പ്രാർത്ഥിച്ചു: ദൈവമേ, അങ്ങുണ്ടെങ്കിൽ എന്നെ രക്ഷിക്കൂ. എങ്കിൽ ലോകത്തിന്റെ അതിർത്തികളോളം ഞാൻ അങ്ങയെ പ്രഘോഷിക്കും. ദൈവം പറഞ്ഞു: അപകടത്തിലാകുമ്പോൾ എല്ലാവരും അങ്ങനെയാണ് പറയുക. അയാൾ പറഞ്ഞു: ഞാൻ അങ്ങനെയല്ല. ദൈവം പ്രതിവചിച്ചു: ശരി, ഞാൻ നിന്നെ രക്ഷിക്കാം. കൊമ്പിൽ നിന്ന് പിടി വിടൂ. കൊമ്പിൽ നിന്ന് കൈവിടാനോ? അയാൾ അട്ടഹസിച്ചു. എനിക്ക് അത്രയും വട്ടില്ല. ദൈവത്തെക്കുറിച്ചും ദൈവത്തിന്റെ ശക്തിയെക്കുറിച്ചും ആഴമായ അറിവില്ലാത്ത മനുഷ്യനെയാണ് ഈ കഥയിൽ നാം പരിചയപ്പെട്ടത്. ദൈവപുത്രനായ ഈശോയെക്കുറിച്ചും അവനെങ്ങനെയാണ് നമ്മുടെ ജീവിതത്തിൽ ഇന്നും ഇടപെടുന്നതെന്നും അറിഞ്ഞാൽ മാത്രമേ നമ്മുടെ വിശ്വാസം ആഴപ്പെടുകയുള്ളൂ.

സ്വാഭാവികമായി നമ്മുടെ മനസിൽ ഒരു ചിന്ത ഉയരും, എങ്ങനെ ഈ അറിവ് സ്വന്തമാക്കാൻ സാധിക്കും? ദൈവത്തെക്കുറിച്ച് അറിയാനും അവൻ എങ്ങനെ മനുഷ്യജീവിതത്തിൽ ഇടപെടുന്നു എന്ന് മനസിലാക്കാനും വളരെ ആഴമേറിയതും എന്നാൽ ചെറുതെന്നു തോന്നിക്കുന്നതുമായ ഒരു വിശ്വാസപരിശീലനം നമ്മുടെ ഓരോരുത്തരുടെയും ഭവനങ്ങളിലുണ്ട്. അത് മറ്റൊന്നുമല്ല, വിശുദ്ധ ഗ്രന്ഥം തന്നെ. വീട്ടിൽ കമ്പ്യൂട്ടറും ടിവിയും മൊബൈലുമൊക്കെ വന്നതോടെ അധികമൊന്നും സ്ഥാനമില്ലാത്ത ഒരു ഗ്രന്ഥമായി ഇന്ന് ബൈബിൾ മാറിയിരിക്കുന്നു. വിശുദ്ധ ഗ്രന്ഥ പാരായണത്തോടെയാണ് പണ്ടുകാലത്ത് ഓരോ ഭവനവും ഉണർന്നിരുന്നത്. ഒന്ന് ഓർത്തെടുക്കാൻ ശ്രമിച്ചാൽ അത് നമ്മിൽ പലരുടെയും മനസിൽ തെളിയും. വിശുദ്ധ ഗ്രന്ഥ പാരായണം നമ്മുടെ ഭവനങ്ങളിൽ നിന്ന് അന്യമായി തുടങ്ങിയപ്പോൾ നമ്മുടെ മക്കൾക്ക് ദൈവം അന്യനായി മാറി. പിതാവ് ആരെന്നും പുത്രൻ ആരെന്നും പരിശുദ്ധാത്മാവ് ആരെന്നുമുള്ള അറിവ് നമ്മുടെ മക്കൾക്ക് ഇന്നില്ല. അതുകൊണ്ട് വചനവായന എന്ന നല്ല ശീലം നഷ്ടമായിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കാം. ദൈവത്തെ അറിയാം. വിശ്വാസത്തിൽ ആഴപ്പെടാം.

വായിച്ചുകേട്ട വചനഭാഗത്തിലേക്കു തന്നെ നമുക്ക് മടങ്ങിവരാം. തന്നിൽ നിന്ന് ശക്തി നിർഗമിച്ചിരിക്കുന്നു എന്ന തിരിച്ചറിവിൽ ഈശോ ചോദിച്ചു: ''ആരാണ് എന്നെ സ്പർശിച്ചത്?'' ജനക്കൂട്ടത്തിനിടയിലെ ഒരു സ്പർശനം തിരിച്ചറിയണമെങ്കിൽ യേശുനാഥൻ ആ വ്യക്തിയെ തിരിച്ചറിഞ്ഞിട്ടുണ്ട്. അവളുടെ അവസ്ഥ മനസിലാക്കിയിട്ടുണ്ട് എന്നത് വാസ്തവമാണ്. ആരാണ് എന്നെ സ്പർശിച്ചത് എന്ന ചോദ്യം, കിട്ടിയ സൗഖ്യം ലോകത്തിനു മുമ്പിൽ വിശ്വാസത്തോടെ പ്രഘോഷിക്കാനുള്ള ക്ഷണമാണ്.

ഇന്ന് നാം മിഷൻ ഞായറായി ആചരിക്കുന്നു. ലഭിച്ച വിശ്വാസം പ്രഘോഷിക്കപ്പെടേണ്ടതാണ് എന്ന് നമ്മെ ഓരോരുത്തരെയും ഓർമ്മപ്പെടുത്തുന്ന ദിനം, തനിക്കു ലഭിച്ച വിശ്വാസം പ്രഘോഷിക്കാനുള്ള തീക്ഷ്ണതയിൽ എരിഞ്ഞ വ്യക്തിയാണ് നമ്മുടെ വിശ്വാസത്തിന്റെ പിതാവായ തോമാശ്ലീഹാ. കൊടുങ്ങല്ലൂർ മുതൽ മൈലാപ്പൂർ വരെ അക്കാലത്ത് യാത്ര ചെയ്ത് കഷ്ടപ്പാടുകൾ ഏറ്റെടുത്ത് തന്റെ വിശ്വാസം അദ്ദേഹം പ്രഘോഷിച്ചു. ഇതുപോലെ നമ്മുടെ മിഷൻ പ്രദേശങ്ങളിൽ ജീവിതത്തിന്റെ സുഖസന്തോഷങ്ങൾ വേണ്ടെന്നു വച്ച് ഞെരുക്കങ്ങളിലും പീഡനങ്ങളിലും ക്രിസ്തുവിനെ പ്രഘോഷിക്കുന്ന ധാരാളം വൈദികരും സന്യസ്തരും അത്മായരുമുണ്ട്. അവർക്കു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കേണ്ട ദിനമാണിത്. അതു മാത്രം പോരാ, നമ്മുടെ ജീവിതത്തിലൂടെ നമ്മുടെ അയൽവക്കങ്ങളിൽ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കാനും നമുക്ക് സാധിക്കണം. വിശ്വാസത്തിനു വേണ്ടി നാം എന്ത് ചെയ്തിട്ടുണ്ട്? എന്താണ് ചെയ്യാനിരിക്കുന്നത്? നമുക്ക് സ്വയം ചോദിക്കാം. വചനവായനയിലൂടെ ദൈവത്തെ അറിയാം. അവനിൽ വിശ്വസിക്കാം. ജീവിതത്തിലൂടെ പ്രഘോഷിക്കാം.